**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4489** **01-07-2024 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ ആർ.ഡി.എസ്.എസ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ നഗരത്തിലെ വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി റീവാംമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പുത്തൂരിൽ 33 കെ.വി. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കോട്ടക്കൽ നഗരത്തിലെ വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി പുത്തൂർ 33kV യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ, ആർ.ഡി.എസ്.എസ് രണ്ടാം ഘട്ട പദ്ധതിയുടെ കീഴിൽ വരുന്ന ആധുനികവൽക്കരണ / നവീകരണ (Modernization & System Augmentation) ഡി.പി.ആറിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഡി.പി.ആർ സൂക്ഷ്മപരിശോധനയ്ക്കായി നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷനു സമർപ്പിച്ചിരി ക്കുകയാണ്.<br><br>ഈ പദ്ധതിക്കുള്ള കേന്ദ്ര അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ 33 കെ.വി പുത്തൂർ സബ്സ്റ്റേഷൻ പണിയുന്നതിനുള്ള സ്ഥലവും ഇതുവരെ കെഎസ്ഇബിഎൽ-ന് ലഭിച്ചിട്ടില്ല. |
| (ബി) | കോട്ടക്കൽ മണ്ഡലത്തിലെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുമായി ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ, കോട്ടക്കൽ, എടരിക്കോട് ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ പുതിയ 11 കെ.വി.ഫീഡർ സ്ഥാപിക്കൽ, കുറ്റിപ്പുറം, വളാഞ്ചേരി സെക്ഷനുകളുടെ പരിധിയിൽ ഹൈടെൻഷൻ എ.ബി.സി. കേബിൾ വലിക്കുന്ന പ്രവൃത്തി എന്നിവയുടെ പുരോഗതി വിശദമാക്കുമോ; | (ബി) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം വളാഞ്ചേരി സെക്ഷനുകളുടെ RDSS പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു: |

| ക്രമ നം. | സെക്ഷന്റെ പേര് | 11കെവി ഫീഡർ | 11കെവി ഫീഡറുകളുടെ എണ്ണം | ദൂരം (കി.മി) | ഭരണാനുമതി ലഭിച്ച തുക (രൂപ) | പദ്ധത |
|---|---|---|---|---|---|---|
| 1 | കുറ്റിപ്പുറം | UG കേബിൾ | 1 | 0.85 | 1504500 | RDSS |
| 2 | | ABC | 1 | 6 | 14705795 | |
| 3 | വളാഞ്ചേരി | ABC | 2 | 1.1 | 2695000 | RDSS |
| 4 | കോട്ടക്കൽ | ABC | 1 | 2 | 3236000 | RDSS |
| 5 | എടരിക്കോട് | UG കേബിൾ | 1 | 3.6 | 6372000 | RDSS |

| | | | |
|---|---|---|---|
| (സി) | മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും | (സി) | മേൽ വിവരിച്ച പ്രവൃത്തികൾ കൂടാതെ പൊന്നാനി ഡിവിഷന് കീഴിൽ കോട്ടക്കൽ നിയോജക മണ്ഡല പരിധിയിൽ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിന് Dyuthi-2, RDSS കൂടാതെ മലപ്പുറം പാക്കേജ് എന്നി |

നിറവേറ്റാൻ കഴിയും വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നല്കിയിരിക്കുന്നു.

| ക്രമ നം. | മണ്ഡലം | 11കെ വി ഫീഡർ | 11കെ വി ഫീഡറുകളുടെ എണ്ണം | ദൂരം (കി.മി) | ഭരണാനുമതി ലഭിച്ച തുക (രൂപ) | പദ്ധതി |
|---|---|---|---|---|---|---|
| 1 | കോട്ടക്കൽ | UG കേബിൾ | വിവിധ ഫീഡറുകൾ | 18.8 | 75004974 | മലപ്പുറം പാക്കേജ് |
| | | ABC | | 19.15 | 71194040 | |
| | | Covered conductor | | 12.6 | 42130448 | |
| | | UG കേബിൾ | | 8.5 | 34630951 | ദ്യുതി-2 |
| | | ABC | | 7.93 | 18768445 | |
| | | Covered conductor | | 8.5 | 22138509 | |
| | | OH | | 18.89 | 28636538 | RDSS |
| | | UG കേബിൾ | | 15.45 | 27346500 | |
| | | ABC | | 9.15 | 14804700 | |

കോട്ടക്കൽ മണ്ഡലത്തിൽ പുരപ്പുറ സോളാർ പദ്ധതിയുടെ ഭാഗമായി ഫേസ് 1 ൽ ഉൾപ്പെടുത്തി 9 പ്ലാന്റുകൾ, 120 kW സ്ഥാപിത ശേഷിയിലും, ഫേസ് 2 ആയി 305 പ്ലാന്റുകൾ 1144 kW സ്ഥാപിത ശേഷിയിലും സ്ഥാപിച്ചിട്ടുണ്ട്. സൗര സബ്സിഡി പദ്ധതി നിലവിൽ പ്രധാന മന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന എന്ന പേരിൽ നടപ്പിലാക്കി വരുന്നു. മണ്ഡലത്തിൽ ഉള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു സോളാർ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്.

കോട്ടക്കൽ മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റുന്ന രീതിയിൽ KSEBL-ന്റെ പ്രസരണ വിഭാഗം നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. 110 കെ.വി കാടാമ്പുഴ സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് .
2. 110 കെ.വി എടയൂർ സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് വേണ്ടിയിട്ടുള്ള സാങ്കേതിക പഠനം പുരോഗമിക്കുന്നു.
3. 110 കെ.വി എടരിക്കോട് സബ്സ്റ്റേഷന്റെ സ്ഥാപിത ശേഷി 37.5 MVA യിൽ നിന്നും 52.5 MVA ആയി ഉയർത്തി, പുതിയ 11 കെ.വി ഫീഡറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പ്രയോജനം കോട്ടക്കൽ മണ്ഡലത്തിലും ലഭിക്കുന്നതാണ്.
4. പുതുതായി വിഭാവനം ചെയ്യുന്ന 33 കെ.വി. വലിയകുന്ന് സബ്സ്റ്റേഷന് വേണ്ടിയിട്ടുള്ള സ്ഥല ലഭ്യതയ്ക്കുള്ള അന്വേഷണവും നടത്തിവരുന്നു.
5. മലപ്പുറം ജില്ലയിലെ തിരൂർ മേഖലയിൽ സ്ഥാപിതമാകുന്ന 220 കെ.വി വെങ്ങാല്ലൂർ സബ്സ്റ്റേഷൻ പ്രവർത്തന സജ്ജമാകുന്നതോടെ കോട്ടക്കൽ, തിരൂർ, തിരൂരങ്ങാടി, പൊന്നാനി നിയോജക മണ്ഡലങ്ങളിൽ പ്രയോജനം ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ